പ്ലാന്റേഷൻ കോർപ്പറേഷനിൽ കെട്ടിക്കിടക്കുന്ന സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ്

334 [1269] *ശ്രീ. വർക്കല കഹാർ:*

,, *സി. പി. മുഹമ്മദ്:*

,, *എ. കെ. മണി:*

,, *പി. ടി. തോമസ്:*

,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-6-2005-ലെ കണക്കനുസരിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം എത്ര സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് കെട്ടിക്കിടപ്പുണ്ട്;

(ബി) ഇത് കെട്ടിക്കിടക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എന്ന് മുതലുള്ള സ്റ്റോക്കാണെന്ന് അറിയിക്കാമോ;

(ഡി) ഇത്രയും കാലം കെട്ടിക്കിടന്നതുകൊണ്ട് ഇതിന്റെ വിലയിൽ സാരമായ കുറവുണ്ടാകുവാനുള്ള സാദ്ധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-6-2005-ലെ കണക്കനുസരിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം 8865 ബാരൽ സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് സ്റ്റോക്കുണ്ട്. (ഒരു ബാരൽ = 205 ലിറ്റർ ലാറ്റക്സ്) മേൽപ്പറഞ്ഞ സ്റ്റോക്കിൽ നിന്ന് അതിനുശേഷം ഇന്നുവരേക്കും (15-7-2005) 7422 ബാരൽ വിൽപ്പന നടത്തി. ഇപ്പോഴും വിൽപ്പന തുടരുന്നു.

(ബി) സാധാരണയായി ഒക്ടോബർ മുതൽ ഫെബ്രുവരി വരെ താരതമ്യേന കൂടുതൽ റബ്ബർ ഉൽപ്പാദനമുള്ള സീസണിൽ, സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് കുറച്ചു കാലത്തേക്ക് കെട്ടിക്കിടക്കുന്ന പതിവുണ്ട്. ഉദാഹരണത്തിന് 2004 ഫെബ്രുവരി മാസത്തിൽ 6750 ബാരലോളം സ്റ്റോക്കുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ മാർച്ച് (2004) മാസത്തോടെ കുറേയൊക്കെ വിൽപ്പന തുടങ്ങിയിരുന്നു.

മറ്റ് ഗവൺമെന്റ് കോർപ്പറേഷനുകളായ SFCK-ലും RPL-ലും ആ സമയത്ത് ധാരാളം ലാറ്റക്സ് സ്റ്റോക്കുണ്ടായിരുന്നു. മൂന്നു ഗവൺമെന്റ് കോർപ്പറേഷനുകളും

LIBRARY ARCHIVES Kerala Legislative Assembly

(PCK, SFCK, RPL) സാധാരണയായി വിലയിൽ വ്യതിയാനങ്ങൾ വരുത്തുന്നത് ഒരുമിച്ചാണ്. എന്നാൽ മറ്റ് കമ്പനികൾക്കൊപ്പമായിരുന്ന ലാറ്റക്സ് വില പ്ലാന്റേഷൻ കോർപ്പറേഷൻ 15-2-2005-ൽ താഴ്ത്തി പരീക്ഷിച്ചു നോക്കി. എന്നിട്ടും കാര്യമായ വിൽപ്പന ഇല്ലായിരുന്നു. RPL, SFCK എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ISO 9001-2000 അംഗീകാരത്തോടുകൂടിയാണ് അവരുടെ സെനക്സ് വിൽപ്പന നടത്തുന്നത്. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഇതുവരെ ISO-9001-2000 അംഗീകാരം നേടിയിട്ടില്ല. വിൽപ്പന മന്ദീഭവിച്ചതിന് ഇതും ഒരു കാരണമായിട്ടുണ്ട്. ഇപ്പോൾ പി. സി. കെ. യുടെ പ്രൊഡക്ഷൻ ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്ന സമയമാണ്. വർദ്ധിച്ചുവരുന്ന പ്രൊഡക്ഷൻകൂടി സെൻട്രിഫ്യൂജ്ഡ് ലാറ്റക്സാക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. എന്നാൽ സെൻട്രിഫ്യൂജ്ഡ് ലാറ്റക്സിന്റെ ഇപ്പോഴത്തെ മാർക്കറ്റ് ഡിമാൻഡ് അതിന്റെ ആകെ ഉൽപ്പാദനത്തെക്കാൾ കുറവാണ്. കൂടാതെ പ്രൈവറ്റ് സെക്ടറിലുള്ള സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് പ്രൊഡ്യൂസേഴ്സ് ഇപ്പോൾ ക്രെഡിറ്റ് സെയിൽസും നടത്തുന്നുണ്ട്. ഇത് പി. സി. കെ.-ക്ക് ചെയ്യാൻ പല തടസ്സങ്ങളുമുണ്ട്. കൂടാതെ ഇൻഡ്യാ ഗവൺമെന്റ് മുൻ വർഷങ്ങളിൽ റബ്ബറിന് നൽകിയിരുന്ന എക്സ്പോർട്ട് സബ്സിഡിയും ഇപ്പോൾ നൽകുന്നില്ല. അതുകൊണ്ട് സെൻട്രിഫ്യൂജ്ഡ് ലാറ്റക്സിന്റെ എക്സ്പോർട്ടും ഇപ്പോൾ മുൻ വർഷങ്ങളിലെപ്പോലെ നടക്കുന്നില്ല. ഇതുകൂടാതെയാണ് VAT-ന്റെ നടപ്പാക്കൽമൂലമുണ്ടായ ആശയക്കുഴപ്പങ്ങൾ. സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് ഉപയോഗിക്കുന്നതിൽ നല്ലൊരു പങ്ക് ഉത്തരേന്ത്യയിലെ ചെറുകിട ഫാക്ടറികളാണ്. ഇവരിൽ പലരും ഇത്രയും കാലം സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്തവരായിരുന്നു. VAT അനുസരിച്ച് 5 ലക്ഷത്തിൽ കൂടുതൽ ടേണോവർ ഉള്ള എല്ലാവരും രജിസ്ട്രേഷൻ എടുക്കണം. ഇതെല്ലാം കാരണം മുൻവർഷങ്ങളിലുള്ളതുപോലുള്ള അനുസ്യൂതമായ വിൽപ്പന സെൻട്രിഫ്യൂജ്ഡ് ലാറ്റക്സിന്റെ കാര്യത്തിൽ ഇപ്പോൾ നടക്കുന്നില്ല. എന്നാൽ റബ്ബർ ഷീറ്റ്, I. S. N. R. (ക്രെപ് റബ്ബർ) എന്നിവയുടെ വിൽപ്പനയിൽ മന്ദത ഇത്ര രൂക്ഷമല്ല. കാരണം അവയുടെ ഉൽപ്പാദനത്തിന്റെ 50 ശതമാനത്തോളം വിൽപ്പന നികുതി രജിസ്ട്രേഷൻ ഉള്ള വൻകിട ടയർ കമ്പനികളാണ് വാങ്ങുന്നത്. ലാറ്റക്സ് കെട്ടിക്കിടക്കുന്നതുമൂലം സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് പ്രൊഡ്യൂസിംഗ് ഇൻഡസ്ട്രി ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി എല്ലാ ലാറ്റക്സ് ഉൽപ്പാദകരുടെയും ഒരു യോഗം 1-7-2005-ൽ റബ്ബർ ബോർഡ് ചെയർമാൻ വിളിച്ചിരുന്നു. ഈ യോഗത്തിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി വൈവിധ്യവൽക്കരണം, ലാറ്റക്സ് കയറ്റുമതി തുടങ്ങിയ ബദൽ സംവിധാനം ഉടൻ നടപ്പിലാക്കണമെന്നും തീരുമാനിക്കപ്പെട്ടു.

ഇതിന്റെ വെളിച്ചത്തിൽ ഉൽപ്പാദനത്തിന്റെ സിംഹഭാഗവും സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് ഉണ്ടാക്കുക എന്ന രീതിയിൽനിന്നും വ്യതിചലിച്ച് ഉൽപ്പാദനം വൈവിധ്യ

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരിക്കാതെ നിവർത്തിയില്ല എന്ന ഘട്ടത്തിൽ കോർപ്പറേഷൻ എത്തി നിൽക്കുകയാണ്. ഇതിനുവേണ്ടി റബ്ബർ ബോർഡും മറ്റുള്ളവരുമായി ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു.

(സി) ഇത് ഡിസംബർ 2004 മുതലുള്ള സ്റ്റോക്കാണ്.

(ഡി) അപ്പപ്പോൾ ഉള്ള മാർക്കറ്റ് കണ്ടീഷൻ വെച്ചാണ് സെൻട്രിഫ്യൂജ്ഡ് ലാറ്റക്സിന്റെ വില തീരുമാനിക്കുന്നത്. ഇത്രയും കാലം കെട്ടിക്കിടക്കുന്നതുകൊണ്ട് ഇതിന്റെ വിലയിൽ സാരമായ കുറവുണ്ടാവാനുള്ള സാദ്ധ്യത ഇല്ല.

കണ്ണൂർ ജില്ലയിലുള്ള മൃഗാശുപത്രികളിലെ പ്രശ്നങ്ങൾ

335 [1275] *ശ്രീ. കെ. പി. മോഹനൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗാശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും, ഔഷധങ്ങളും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ മിക്ക മൃഗാശുപത്രികളിലും കാർമിനേറ്റീവ് മിക്സ്ചർ എന്ന മരുന്ന് വരിക്കാത്തത് മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിലെ കുരിയാട്, ചൊക്ലി, പന്ന്യന്നൂർ, മൊകേരി എന്നീ മൃഗാശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 2004-2005 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 165 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. മരുന്നുകൾ കുറവായത് ശ്രദ്ധയിൽപ്പെട്ടിരുന്നു. സത്വര നടപടികൾവഴി ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. കാർമിനേറ്റീവ് മിക്സ്ചർ നിർമ്മിക്കുന്നതിനാവശ്യമായ മരുന്നുകൾ നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly